

# ഈ മഹാപ്രപഞ്ചത്തിൽ നാമെത്ര നിസാരം

**സി. സുനിൽകുമാർ**

കാട്ടിൽ ക്യാമ്പു നടത്തുന്ന ക്ലാസ് ഡയറക്ടർ, കുട്ടികളോട് മനമറിഞ്ഞ് സംവദിക്കുന്ന അദ്ധ്യാപകൻ, അശരണരായെത്തുന്നവർക്ക് ആശ്വാസത്തുരുത്തായവൻ, അദ്ധ്യാത്മിക ഗവേഷകൻ, സ്നേഹം നിറച്ച മനുഷ്യൻ, പത്രാധിപർ, വായനക്കാരൻ, രോഗശാന്തി പകരുന്ന വൈദ്യൻ, നാളയെക്കുറിച്ച് ഇന്നലെതന്നെ പറഞ്ഞ പ്രവാചകൻ:

പ്രകൃതിസംരക്ഷണയുദ്ധത്തിലെ മുന്നണിപ്പോരാളി ജോൺസിയുടെ ഈ ദശാവതാരങ്ങളിൽ ഏത് അവതാരമായിരുന്നു എനിക്ക് പ്രിയപ്പെട്ടത്

കാട്ടിലൂടെ എല്ലാം പറഞ്ഞുതന്ന്, മിണ്ടരുതെന്നും ചുണ്ടത്ത് വിരൽ വെച്ച് വിലക്കിയും അതിരാവിലെ ഉറക്കപ്പുതപ്പ് മാറ്റി തട്ടിവിളിക്കുകയും ചെയ്യുന്ന ജോൺസിമാഷായിരുന്നു എനിക്കേറ്റവും പ്രിയപ്പെട്ടൊരാൾ. എന്നെ കാടു കാട്ടി നടത്തിച്ച് സംസ്ഥാനവന്യജീവി ബോർഡിലും ലോകവന്യജീവി നിധിയുടെ സംസ്ഥാന സമിതിയിലും വരെ എത്തിച്ചത് ആ ഗുരു കടാക്ഷമായിരുന്നല്ലോ. മതികെട്ടാനിൽ ദേശീയോദ്യാനമാക്കാനും കടലുണ്ടിയിൽ സമൂഹ അഭയ വനമൊരുക്കാനും നിമിത്തമാകാനും ഈയുള്ളവനെ പ്രാപ്തനാക്കിയത് ആ മഹാഗുരു ആയിരുന്നല്ലോ.

ഈ മഹാപ്രപഞ്ചത്തിൽ നാമെത്ര നിസാരന്മാരാണെന്ന തിരച്ചറിവ് ഇരവികുളത്തെ പുൽമേടുകളിൽ എത്തുന്നതിനുമുമ്പേ ജോൺസി പകർന്നുതന്നിരുന്നു. ഇനി വരുന്ന കാലം വരൾച്ചയുടേതാണെന്നും ഇനിയുള്ള യുദ്ധം വെള്ളത്തിനുവേണ്ടിയുള്ളതാണെന്നും യു.എൻ. പറയുന്നതിനും എത്രയോ കാലം മുമ്പേ ജോൺസി പറഞ്ഞുതന്നതാണ്. മണ്ണിനും ജീവനുണ്ടെന്നും നാം മണ്ണുതന്നെയാണെന്നും കാണിച്ചുതന്നത് ജോൺസിയാണ്.

പറശ്ശിനിക്കടവ് പിറകിലെ മൊട്ടചരിവിൽ കുത്തിയൊഴുകിയ വെള്ളത്തെ പിടിച്ചുനിർത്താൻ കോണ്ടൂർ ബണ്ടുകൾക്കു മുകളിൽ വാഴവൃത്തമൊരുക്കാനും അതുവഴി പറഞ്ഞതെല്ലാം യാഥാർത്ഥ്യമാണെന്നുകാട്ടാനും ജോൺസി തുനിഞ്ഞു. ഒടുവിൽ സ്ഥലമുടമകളുടെ ആൾക്കാർ തളിപ്പറമ്പിലെ പച്ചക്കറി മാലിന്യങ്ങൾക്കു പകരം രാസവളമിട്ടപ്പോൾ എല്ലാം വിട്ടെറിഞ്ഞ് പോയതും കെട്ടുകഥയല്ല. വേനലിൽ വെള്ളമില്ലാതിരുന്ന അവിടുത്തെ കിണറുകളിൽ ഇന്ന് വെള്ളമുള്ളതിന് കാരണം ആ മഹാഗുരുവായിരുന്നല്ലോ.

അഷ്ടമിച്ചിറയിൽ ജോൺസിയുടെ ശാസനകേട്ടുവളർന്ന് കായ്ച്ച മാവും, കിന്നാരം പറയുന്ന അണ്ണാനും ചേരയും ഒന്നും കെട്ടുകഥയിലെ കഥാപാത്രങ്ങളായിരുന്നില്ല. ആകുലതകൾ നിറച്ച മനസ്സുമായി ജോൺസിയെ തേടിയെത്തി മനഃശാന്തിയോടെ തിരിച്ചുപോയവരും, കയ്യിലെടുക്കാവുന്നത് കവർന്നെടുത്തവരും ഇന്ന് ജീവിക്കുന്നുണ്ട്.

കേരളത്തിലങ്ങോളമിങ്ങോളം മനസ്സിൽ അല്പം പച്ചപ്പുമായി, ഹരിതസ്വപ്നങ്ങളുമായി ഒട്ടേറെപേരെ കണ്ടപ്പോഴെല്ലാം ഒന്നു മനസ്സിലായി, എന്നെപ്പോലെ അവരേയും ബന്ധിപ്പിക്കുന്ന കണ്ണി ജോൺസി തന്നെയാണെന്ന്.

അവസാനയാത്രയിൽ, പയ്യമ്പലത്തെ അഗ്നിയിലേയ്ക്കുള്ള യാത്രയിൽ കൂട്ടായി പോകുമ്പോഴും പുഞ്ചിരിതൂകുന്ന ആ മുഖം പറഞ്ഞു: ഞാൻ പറഞ്ഞതെല്ലാം ശരിയല്ലേ എന്നല്ലേ?...

പ്രിയ കേരളീയം വായനക്കാരാ/രി, താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യയും (240 രൂപ), കഴിയുന്ന സംഭാവനയും ഉടനെ അയച്ചുതരിക.
കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 0487 -2421385